(സി) ഈ അനുപാതത്തിൽ നിയമിച്ചിട്ടില്ല.

(ഡി&ഇ) സംയോജിത ഗ്രഡേഷൻ ലിസ്റ്റ് പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ നിയമനങ്ങളുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. ലിസ്റ്റ് പൂർത്തിയായാലുടൻ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരള മുഖേന സമഗ്ര വിദ്യാഭ്യാസ പദ്ധതി**

**19(2926)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിരുന്നുവോ ; സീമാറ്റ്-കേരള മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ?

ഉത്തരം

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേക്ക് ചാത്തന്നൂർ മണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

**ഉച്ചഭക്ഷണപദ്ധതി**

**20(2927)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;